# LIFE

## DIGITAL MAGAZINE

## LITTLE KITES

NANMINDA HIGHER SECONDARY SCHOOL

ചരിത്രമുറങ്ങുന്ന
നന്മണ്ട ഹയർസെക്കന്ററി
സ്ക്കൂളിലെ വിദ്യാർത്ഥികളുടെ ചിന്താശേഷിയിൽ
നിന്ന്
ഉരുത്തിരിഞ്ഞ
സർഗ്ഗവാസനകളിൽ
വിരൽസ്പർശമേറ്റപ്പോൾ
വിരിഞ്ഞതാണ്
‘LIFE’ എന്ന ഡിജിറ്റൽ മാഗസിൻ. യു.പി,
ഹൈസ്ക്കൂൾ, ഹയർസെക്കന്ററിതലം വരെയുള്ള
വിദ്യാർത്ഥികളുടെ
രചനകളിൽ
നിന്നും
തെരഞ്ഞെടുത്ത
കവിതകളും,
കഥകളും,
ലേഖനങ്ങളുമാണ്
ഇതിന്റെ
മനോഹാരിത.
ക്രിയാത്മക
സൃഷ്ടികൾ
പുത്തൻ
സാങ്കേതികവിദ്യകൾ
ഉപയോഗപ്പെടുത്തി
പ്രസിദ്ധപ്പെടുത്തുന്നതിലൂടെ
ഈ
രംഗത്ത്
അഭിരുചിയും താത്പര്യവും വർദ്ധിക്കാനിടയായി
എന്ന ചാരിതാർത്ഥ്യത്തോടെ.......

എഡിറ്റർ,
ഡിജിറ്റൽ മാഗസിൻ
ലിറ്റിൽ കൈറ്റ്സ് നന്മണ്ട

# ഉള്ളടക്കം


1. ആമസോൺ ധീരത

2. അമ്മയെന്ന സത്യം

3. എന്റെ കൂട്ടുകാരി

4.ജീവന്റെ പുലരി

# ആമസോൺ ധീരത

ശിവഗയന.എസ്.ആര്
6-A

അങ്ങ് തെക്കെ അമേരിക്കയിൽ ഒരു പണക്കാരനുണ്ടായിരുന്നു. അദ്ദേഹത്തിന് 4 മക്കളുണ്ടായിരുന്നു. ഏറ്റവും മൂത്തത് എയ്ജലായിരുന്നു പിന്നെ എബിനും കെബിനും കൂടാതെ എലയി എന്ന കൈക്കുഞ്ഞും. ഇന്ന് അവളുടെ പിറന്നാളാണ്. അതിനാൽ നാളെ അവൻ ഹെലിക്കോപ്റ്റർ യാത്ര പോകാൻ



തീരുമാനിച്ചു. അച്ഛന് ഓഫീസ് വർക്കുണ്ട് അതിനാൽ വരാൻ പറ്റില്ല. അമ്മയുടെ കൂടെയാണ് ഇവരുടെ യാത്ര. ഉറക്കമില്ലാതെ നാളെ ചെയ്യേണ്ടകാര്യങ്ങൾ എയ്ജല ബുക്കിൽ കുറിച്ചിരുന്നു.

എയ്ജൽ കണ്ണടച്ച് തുറന്നപ്പോൾ നേരം പുലർന്നു. എല്ലാവരും ആകാംക്ഷയോടെ കാത്തിരുന്നു.ഹെലിക്കോപ്റ്ററെത്തി. എല്ലാവരും ഹെലിക്കോപ്റ്ററിൽ കയറി. എയ്ജൽ വേഗം വീടിനുള്ളിലേക്കോടി. അവൾ താൻ ബുക്കിൽ കുറിച്ചത് എടുക്കാൻ പോയതായിരുന്നു. യാത്ര



തുടർന്നു. മേഘത്തിനിടയിൽക്കൂടി പക്ഷികളെ തലോടിയുള്ള യാത്ര.
പെട്ടന്നാണ് എയ്ജലിന്റെ അമ്മ പറഞ്ഞു. 'മക്കളെ...ആ കാണുന്നതാണ് ആമസോൺ കാട് ഭൂമിയുടെ ശ്വാസകോശം എന്നാണ് ആമസോൺ അറിയപ്പെടുന്നത് .' കണ്ണെത്താ ദൂരം നിറഞ്ഞു നിൽക്കുന്ന കാടാണ്.

ഇവിടം ഒരുപാട്ടു ഭയാനകമാണ്. അമ്മയുടെ വാക്ക് കേട്ട് കെബിൻ ചോദിച്ചു. 'എന്താണിവിടെ ഇത്ര ഭയാനകം' എയ്ജല ഫോണിൽ ആമസോണിനെക്കുറിച്ച് നോക്കി. വളരെ ഭയാനകമായ കാര്യങ്ങൾ അവർ കേൾക്കാനിടയായി. എലയി നിദ്രയിലാണ്. അമ്മേ എന്താ ഒരൊച്ച. പെട്ടെന്ന് നിയന്ത്രണം തെറ്റി ഹെലിക്കോപ്റ്ററ് നിലംപതിച്ചു. കുട്ടികൾ സുരക്ഷിതരാണ്. അമ്മയെവിടെ ? എബിൻ ചോദിച്ചു. പിന്നെ തിരിച്ചിലായി. കണ്ടില്ല. ങേ.....ങേ....അത് എലയി അല്ലെ. കെബിൻ പറഞ്ഞു. എലയി ജീവനോടുണ്ട്. അവരുടെ അമ്മയും പൈലറ്റും മരണമടഞ്ഞു. തങ്ങളുടെ പ്രിയപ്പെട്ട അമ്മ മരിച്ചത് അവർക്ക് സഹിക്കാനായില്ല. അവന്റെ അനുജൻ മാരെ രക്ഷിക്കണം അവർ തീരുമാനിച്ചു. അവർ ഈ കാട് ആമസോണാണെന്ന് തിരിച്ചറിഞ്ഞു. ദിവസങ്ങൾ മുന്നോട്ട്..... താമസിക്കാൻ അവർ കുടിലുണ്ടാക്കി. എപ്പോഴ് വേണമെങ്കിലും അതുതകർന്നുപോകും. ഇതിനിടം വിഷപാമ്പ് , പലയിനം തവളകളും ചെറുപ്രാണികൾ,

പക്ഷികൾ, മൃഗങ്ങൾ ഇവയെല്ലാം കണ്ട് ഇവരിൽ നിന്നെല്ലാം അവർ രക്ഷനേടി. വിശപ്പടക്കാൻ പഴങ്ങൾ ഭക്ഷിച്ച ആമസോൺ നദിയിൽ നിന്ന് ജലം കുടിച്ചു. ഭയത്തോടെ അവരവിടെ നിലനിന്നു. നാൽപതാം ദിവസം ഇവർക്കുചുറ്റും മനുഷ്യർ കൂടി, സൈനികരായിരുന്നു അവർ. കൂടെ തന്റെ അച്ഛനും എന്ന് എയ്ജൽ മനസ്സിലാക്കി. അവിടെ നിന്നു വന്ന അവർ മനസ്സിലാക്കി ഈ നാൽപത് ദിവസവും വാർത്തകൾ ഇവരെക്കുറിച്ചാണെന്ന്. ഈ വലിയ സംഭവത്തിനു ശേഷം എയ്ജൽ ആഗ്രഹിച്ചു വലുതാകുമ്പോൾ മിലിട്ടറി ഓഫീസറാകണമെന്ന്.



**************************

# അമ്മയെന്ന സത്യം

ശിവനന്ദ
6-A

അമ്മേ...അമ്മേ... മാളൂട്ടി എന്ന അഞ്ച് വയസ്സുകാരി അവളുടെ അമ്മയെ കൊഞ്ചി വിളിക്കുന്നു. എന്താ മാളൂട്ടി അമ്മ സ്നേഹത്തോടെ ചോദിക്കുന്നു.അമ്മേ ന്റെ മാളൂട്ടിക്ക് ഇന്ന് പരീക്ഷയിൽ അൻപതിൽ നാൽപത്തിയെട്ട് മാർക്ക് കിട്ടി. ക്ലാസിൽ ഞാനാ പരീക്ഷയിൽ ഒന്നാമൻ. ആണോ മാളൂട്ടി! അമ്മ അത്ഭുതത്തോടെ ചോദിച്ചു. ആ അമ്മേ അമ്മയ്ക്ക് മാളൂട്ടിയെ വിശ്വാസമില്ലേ.



മാളൂട്ടി അമ്മേനോട് പിണക്കത്തിലാ. അമ്മ വിഷമിച്ചു കൊണ്ട് മാളൂട്ടിയോട് പറഞ്ഞു:മാളൂട്ടി അമ്മേനോട് മിണ്ടീലെങ്കിൽ ഈ അമ്മേനോട് മിണ്ടാൻ ആരുണ്ട് ? അങ്ങനെയാണെങ്കിൽ മാളൂട്ടി മിണ്ടാം പക്ഷെ അമ്മ മാളൂട്ടിക്ക് ഒരു പഞ്ചാരയുമ്മ തരണം. മാളൂട്ടിക്ക് അമ്മേന്റെ പഞ്ചാരയുമ്മ. ഉമ്മാ.... മാളൂട്ടി പുഞ്ചിരിയോടെ അമ്മയുടെ മുഖത്തേയ്ക്ക് നോക്കി.

കുറേ വർഷങ്ങൾക്കു ശേഷം....

മകളുടെ പഠനത്തിനായ് ആ അമ്മ ഉള്ളതെല്ലാം വിറ്റു മകൾക്കു വേണ്ട പഠനവും മകളുടെ കല്ല്യാണവും നടത്തി. ഇപ്പോൾ ആ മകൾ ഒരു രാജകുമാരി, ആ അമ്മ ഒരു വീട്ടിൽ രാവും പകലും വേലക്കാരിയായി ജോലി ചെയ്യുന്നു.

ഒരു വൈകുന്നേരം മകളും അവളുടെ ഭർത്താവും പുറത്ത് കറങ്ങാൻ പോയപ്പോൾ ആ അമ്മ അവരെ യാദൃശ്ചികമായി കണ്ടുമുട്ടി. ആ അമ്മയുടെ വേഷം കീറിപറഞ്ഞ സാരിയും പേടിപ്പെടുത്തുന്ന മുഖവുമായിരുന്നു. മകളായ മാളൂട്ടിക്ക് അമ്മയെ മനസ്സിലില്ലായിരുന്നു.പക്ഷെ കണ്ട ഭാവം നടിച്ചില്ല. ആ അമ്മ മകളുടെ അടുത്തേയ്ക്കു ഓടി ചെന്നു. പക്ഷെ ആ അമ്മേയ്ക്ക് മകളുടെ അടുത്തുനിന്നും കഠിനമായ വാക്കുകൾ വന്നു.

ഇത് സഹിക്കാൻ ആവാതെ ആ അമ്മയ്ക്ക് പെട്ടെന്ന് നെഞ്ചത്ത് വേദനവന്ന് ആശുപത്രിയിലായി. ആശുപത്രിയിൽ ബില്ലടിക്കാത്തതുകൊണ്ട് ആശുപത്രിക്കാർ ആ അമ്മയെ തല്ലി ഇറക്കി വിട്ടു. ഇതൊന്നും സഹിക്കാൻ അവാതെ ആ അമ്മ. വേദനയോടെ ഞാൻ എഴുതുന്നു. ആ അമ്മ നടന്നു പോകുമ്പോൾ ഒരു കാറിടിച്ചു. ആരും തിരിഞ്ഞു നോക്കിയില്ല,ആ അമ്മ മരിച്ചു. ആ അമ്മയെ അവസാനമായ് കാണാൻ പോലും മകൾ വന്നില്ല. കുറച്ചു നാളുകൾക്ക് ശേഷം ആ അമ്മയുടെ സുഹ്രത്തിന്റെ മകൾ മാളൂട്ടിയുടെ വീട്ടിൽ വന്നു.മാളൂ... മാളൂ...ഉറക്കെ വിളിച്ചു ആ നീയോ എന്താ ഇവിടെ കേറ്. മാളു പറഞ്ഞു. ഇല്ല കേറുന്നില്ല. ഞാൻ ഇവടെ വന്നത് ഈ പൈസ തരാനാ. മാളൂട്ടി:പൈസയോ എനിക്കോ എന്തിന്. ഇത് നിന്റെ അമ്മയുടെ പൈസയാ ഞാൻ മരിച്ചേനേഷം എന്റെ മോൾക്ക് കൊടുക്കണം. എന്ന് പറഞ്ഞ് എന്റേയിൽ തന്നതാ ഞാനതേൽപ്പിച്ചു. എന്നാ ഞാൻ പോട്ടേ. ആ.... പതറിയ ശബ്ദത്തിൽ മാളു പറഞ്ഞു. അവൾ പോയതിനുശേഷം അമ്മേയെന്ന് വിളിച്ചു അവൾ പൊട്ടിക്കരഞ്ഞു.

# എന്റെ കൂട്ടുകാരി

അനാമിക.ഇ
10-E

കൗതുകമൂറുന്ന മിഴികളോടെ
പെരുമ്പറ മുഴങ്ങുന്ന ഹൃദയത്തോടെ
എത്തി ഞാൻ പുതുവിദ്യാലയാങ്കണത്തിൽ
ഓർക്കുന്നു ഞാൻ സഖി
ആദ്യ സമാഗമ വേളയിൽ നിൻ പുഞ്ചിരി
എൻ ആകുല മനസ്സിന് നേർത്ത
ആശ്വാസമായിരുന്നു.
പാഠ്യ വിഷയത്തിൻ ഇടവേളകളിൽ
എന്റെ കൈ നീ കോർത്തുപിടിച്ചു.
മുറ്റത്തെ നെല്ലിച്ചുവട്ടിലും
പേരറിയാത്ത മരച്ചോട്ടിലും
നാം കൂട്ടരോടൊത്തു കളിച്ചിരുന്നു.
അപ്പോഴും എന്നോടു ചേർന്നു നീ ...
ഇരു മെയ്യാണെങ്കിലും ഒരു മനമായി
ദിനങ്ങൾ പോകവെ അവൾ എന്റെ
പ്രിയ കൂട്ടുക്കാരി,
ഒരു വിരൽത്തുമ്പാലെ എന്നെ ചേർത്തുപിടിക്കുന്ന
എൻ സഖി,
ദിനങ്ങൾ വർഷമായ് പൊഴിയവെ....
അറിയ നീ പുനർജനിക്കയില്ലി....
വിദ്യാലയ നിമിഷങ്ങൾ,നമ്മുടെ കളിചിരികൾ.

# ജീവന്റെ പുലരി

തൻമയ എസ് പി
9-B

നേരം പുലർന്നില്ല ,കോടമഞ്ഞ് പ്രകൃതിയെ മുഴുവൻ വരിഞ്ഞ്മുറുകുന്ന സമയം.മഞ്ഞിന്റെ ഓരോ തുള്ളിയും ചെടിയുടേയും മരത്തിന്റേയും



കുടെ പറ്റിച്ചേർന്നുറങ്ങി.തണുപ്പെന്ന പുതപ്പിനുള്ളിൽ പ്രകൃതി ഉറങ്ങുന്ന പോലെ ഞാനും പുതപ്പിനുള്ളിൽ ചുരുണ്ടുകൂടി.സമയം കുറച്ച് വേഗത്തിൽ നീങ്ങിയെന്നുതോന്നുന്നു; അതോ ഞാൻ കുറച്ച് നേരം അധികമായി ഉറങ്ങിയോ.....മ്..... എന്തെങ്കിലുമാവട്ടെ.

സമയം അഞ്ചാവുന്നു എന്നറിയിക്കാൻ പല പല കിളികളുടെ ശബ്ദമുയർന്നു. അതിൽ ഒരു കിളിയുടെ ശബ്ദം എനിക്കേറെ പ്രിയപ്പെട്ടതാണ്. ചെറുപ്പത്തിലെപ്പഴോ നഷ്ട്ടപ്പെട്ടു പോയ അമ്മത്താരാട്ടിന്റെ ഈണമായിരുന്നതിന്. അത് കേട്ട്കൊണ്ട് കണ്ണടച്ച് കിടന്നാൽ അന്നത്തെ ദിവസം സന്തോഷത്തിൽ ജ്വലിച്ചുനിൽക്കും. പക്ഷേ എനിക്കത് ചിലപ്പോൾ ഒരു സങ്കടമാണ്, എന്താന്ന് വച്ചാൽ അമ്മത്താരാട്ട് കേട്ടാൽ ഉറങ്ങാത്തതായി ആരുമില്ല. അതുപോലെ ആ കിളിയുടെ താരാട്ടുപാട്ട് കേട്ട് ഞാനും രാവിലെ ഉറങ്ങിപ്പോകാറുണ്ട്. പിന്നെ സമയം എത്രയെന്ന് എന്നെ അറിയിച്ചു കൊണ്ട് ഒരു കിളിയുടെ പാട്ടുണ്ട് വരാൻ;അത് കേട്ടാൽ എഴുന്നേറ്റു നിന്ന് ഡാൻസ് കളിക്കാൻ തോന്നും. അപ്പോൾ ആ ഉറക്കച്ചടവൊക്കെമാറിക്കിട്ടും. അതുകേട്ടുകൊണ്ടേ‌ണം



മുറ്റത്തേക്കിറങ്ങാൻ, കൈയ്യൊക്കെനിവർത്തി ഒന്നങ്ങോട്ടുമിങ്ങോട്ടും ചരിഞ്ഞ് നിവർന്ന്, ചുറ്റിലുമൊക്കെ കണ്ണോടിക്കണം.അപ്പോൾ കാണാം പുലരിയുടെ ജീവാംശത്തിൽ മധുരമായ, ആരെയും മയക്കുന്ന പാട്ടുപാടികൊണ്ടിരിക്കുന്ന ഒരുപാട് കിളികളെ കാണാനാണെങ്കിലും അവരുടെ മധുരഗാനമാണെങ്കിലും വ്യത്യസ്തമാണ്. ഒന്നിനൊന്നുമെച്ചം, പല നിറത്തിൽ, പല രൂപത്തിൽ, പല ഈണത്തിൽ അവർ അങ്ങ് നിന്നാടും, പാടും അത് കാണാനും കേൾക്കാനും ഒരു പ്രത്യേക രസമാണ്.പിന്നെയുള്ള കാഴ്ച്ചയാണ് രസം; 'സൂര്യകിരണങ്ങൾ',ഉറങ്ങിക്കിടക്കുന്ന നമ്മുടെ പ്രകൃതിയെ വിളിച്ചുണർത്തും. പ്രകൃതിയുടെ കൂടെ പറ്റിച്ചേർന്നുറങ്ങുന്ന മഞ്ഞുതുള്ളികളെ സൂര്യകിരണങ്ങൾ അലിയിച്ചു കളയും. പ്രകൃതിയെ വരിഞ്ഞ് മുറുകിയ കൊടമഞ്ഞ് അകന്നുപോവാൻ തുടങ്ങും. തടുക്കാനായി ആരും ശ്രമിക്കില്ല. പിന്നെയങ്ങോട്ട് കിളികളുടെ ശബ്ദം കുറഞ്ഞുവരും, പകരം അണ്ണാൻമാരെത്തും. ചരിൽ....ചരിൽ ശബ്ദത്തിൽ ആർത്തിരമ്പികൊണ്ട്

അവ നമ്മുടെ മുമ്പിൽ കൈകൾ കൂപ്പും. ചിലദിവസങ്ങളിൽ കാണുന്ന ഒരു പ്രധാന കാഴ്ച്ചയാണ്, ഇലകളിൽ നിന്ന് താഴേക്ക് ഉറ്റവീഴാൻ കാത്തിരിക്കുന്ന സൂചിപോലെയുള്ള മഞ്ഞുതുള്ളിയിൽ സൂര്യകിരണം വന്ന് പതിക്കും അപ്പോൾ അവിടെ മഴവില്ലെന്ന ഒരു മായാജാലം പിറവിയെടുക്കും. എത്ര കണ്ടാലും മതിവരില്ലാക്കാഴ്



ച്ച.പക്ഷെ അപ്പോഴേക്കും ആ മഞ്ഞുതുള്ളി നമ്മെ ചതിക്കും. അത് ഭൂമിയിലേക്ക് ഉറ്റവീഴും. ഇങ്ങനെ തുടങ്ങി പലതുമുണ്ട് കാണാൻ. ഈ പ്രഭാതം അതൊരത്ഭുതമാണ്.ഒരിക്കലും ആർക്കും കണ്ടുതീർക്കാൻ കഴിയാത്ത പ്രപഞ്ചം പോലെയാണ് ഓരോ പുലരിയും. ഒരിക്കലും മടുക്കാതെ ദിവസവും പുതിയ പുതിയ മനോഹരക്കാഴ്ച്ചകളാണ് പ്രകൃതി നമുക്കായി ഒരുക്കുന്നത്.

*******************